(സി) ഗ്രാവലിന് വൻതോതിൽ മാർക്കറ്റ് റേറ്റ് നൽകാതെയുള്ള പുതിയ നിർമ്മാണ പ്രവൃത്തികളും കരാറുകാർ ഏറ്റെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്രാവലിന് എൻ.ഒ.സി. അനുവദിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൻകീഴിൽ കൊണ്ടാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഗ്രാവലിന് വൻതോതിൽ മാർക്കറ്റ് റേറ്റ് നൽകാതെയുള്ള പുതിയ നിർമ്മാണ പ്രവൃത്തികളും കരാറുകാർ ഏറ്റെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ആലപ്പുഴ ജില്ലയുടെ എൻ.ഒ.സി.-യിൽ ഗ്രാവലിന്റെ വില പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ പാതകളിൽ ടോൾ പിരിവ്

3044(1389) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ നിന്നാണ് ടോൾ പിരിക്കുന്നതിന്റെ സമയദൈർഘ്യം എത്രയൊക്കെയാണ് ; ഇത്തരം ടോൾ പിരിവിന് കരാറാധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ടോൾ പിരിവ് സംബന്ധിച്ച് സംസ്ഥാനത്ത് തുടർച്ചയായി നിലനിൽക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും പൊതുജനസമക്ഷം വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടോൾ പിരിവിൽ വരുത്തുന്ന വർദ്ധന സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(ഡി) സർവ്വീസ് റോഡുകൾ പൂർത്തിയാക്കാതെ സ്ഥലങ്ങളിൽ ടോൾ പിരിവ് തുടരുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയപാത ഫീസ് (നിരക്കുകളും ശേഖരണവും നിയന്ത്രിക്കൽ) നിയമം 2008-ഉം അതിന്റെ 2013-ലെ ഭേദഗതി നിയമവും പ്രകാരമാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം ടോൾ പിരിവ് നിരന്തരമാണ് (perpetual).

---

* ഇംഗ്ലീഷിൽ ഉത്തരം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ തർക്കങ്ങളും സംഘർഷങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ പാതയിലെ ടോൾ പിരിവ് സംബന്ധിച്ച എല്ലാ നിയമങ്ങളും ഉത്തരവുകളും ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2007-ലെ ഇന്ത്യാ ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള ടോൾ നിരക്ക് അടിസ്ഥാനമാക്കി വർഷത്തിൽ 3% വർദ്ധനവും (Non compounding) അതിനോടൊപ്പം 2007-ലെ wholesale price index-ഉം അടിസ്ഥാനമാക്കി ഉണ്ടാകുന്ന വർദ്ധനവും ഉൾപ്പെടുത്തിയാണ് ഓരോ വർഷവും ടോൾ നിരക്ക് നിശ്ചയിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ റോഡുകളും പാലങ്ങളും

305 (1390) ശ്രീ. കോടിയേക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്, ഏതു പാലങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.;

(ബി) പ്രസ്തുത നിർമാണത്തിനെല്ലാം കൂടി എന്ത് തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്, ഇതിൽ എന്ത് തുക ബജറ്റിൽ നിന്നും പിൻവലിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഓരോന്നിലും പ്രസ്തുത പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ; ഇതിൽ ബജറ്റിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്ര;

(ഡി) ഇതിൽ പണി ആരംഭിക്കാത്ത പാലങ്ങളോ റോഡുകളോ ഉണ്ടോ: വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ 36 റോഡുകളും 18 പാലങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റോഡുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1353/2017

LIBRARY ARCHIVES Kerala Legislative Assembly